# ഹയർ സെക്കന്ററി സ്കൂൾ ഫോർ ഗേൾസ്

## വെങ്ങാനൂർ

വെങ്ങാനൂർ പി.ഒ., പിൻ: 695523
സ്കൂൾ വിഭാഗം : ഫോൺ : 9447657958
ഹയർ സെക്കന്ററി വിഭാഗം : 9447040125
നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ല
Email : girlsvenganoor44049@gmail.com



# അക്കാഡമിക് മാസ്റ്റർ പ്ലാൻ

## 2025 - 2026

# അക്കാദമിക് മാസ്റ്റർപ്ലാൻ

## മലയാളം

പൊതുവായ ലക്ഷ്യങ്ങൾ

1. ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനങ്ങളും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
2. വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
3. വിദ്യാലയത്തിലെ പഠനപിന്തുണാസംവിധാനങ്ങളായ ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പരമാവധി പ്രയോജനപ്പെടുത്തുക.
4. ഉയർന്ന നിലവാരം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
5. സാമൂഹ്യവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവരെയും പാർശ്വവൽക്കരിക്കപ്പെടുന്നവരേയും ഭിന്നശേഷിക്കാരുടെയും പഠനമുന്നേറ്റം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തും.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൌതികം |
|---|---|---|---|
| 1.ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം. (ശ്രദ്ധ, നവപ്രഭ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കൽ<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | 2 മാസം<br>1 വർഷം (ജൂൺ, ജൂലൈ) | പുസ്തകങ്ങൾ, ചിത്രങ്ങൾ |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക. പത്രവായന പരിപോഷിപ്പിക്കൽ, സർഗ്ഗശേഷി വികസനം | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. വായനോത്സവം സംഘടിപ്പിക്കൽ<br>4. സമീപഗ്രന്ഥശാല അംഗത്വം<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | 6 മാസം- 1 വർഷം (ആഗസ്റ്റ്- ജനുവരി)<br><br>3 മാസം | ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ |

| | | | |
|---|---|---|---|
| | 12. ആനുകാലികപ്രസിദ്ധീകരണങ്ങളും വായനയും<br>13. ആസ്വാദ്യകരമായ വായന<br>14. സാഹിത്യക്വിസ് - രചനാശില്പശാല (കവിത, കഥ)<br>15. കവിതാലാപന മത്സരം<br>16. ക്ലാസ്തല-സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ<br>17. അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾവശം)<br>18. ജന്മദിനപുസ്തകം | വർഷത്തിൽ ഒരു തവണ<br>മാസത്തിൽ ഒരു തവണ | |
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തകചർച്ച<br>3. വായനക്കുറിപ്പ് പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗ്ഗസൃഷ്ടിയുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തി രചന, സംഘരചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം സംവാദം | 6 മാസം (ജൂലൈ-ഡിസംബർ)<br>മാസത്തിൽ ഒരു തവണ<br><br>വർഷത്തിൽ ഒരു തവണ | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടകൾ |
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1.പ്രസംഗപരിശീലനകളരി<br>2. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്നു<br>3. പ്രസംഗം അവതരിപ്പിക്കാനുള്ള വേദികൾ സജ്ജമാക്കുക | 6 മാസം (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ |

# HSS FOR GIRLS VENGANOOR

## MASTER PLAN 2025 – 2026

### HS Arabic

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൌതികം | പിന്തുണ |
|---|---|---|---|---|
| വായന<br>കുട്ടികളിൽ വായന പ്രോൽസാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരനാവുക | അറബിക് ലൈബ്രറി ശാക്തീകരണം<br>അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു. പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ- നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബിആർസി ഡയറ്റ് പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർഷിപ്പ് |
| എഴുത്ത്<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു. ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു.<br>ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും<br>കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കിളുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും | സെപ്റ്റംബർ നവംബർ<br><br>നവംബർ- ഡിസംബർ | | അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ<br><br>സ്പോൺസർഷിപ്പ് |
| അറിവിൻ തിളക്കം<br>അറബിയിൽ അറിവ് നേടുക | മാസാന്ത ക്വിസ് കാർണിവൽ<br>ഓരോ മാസവും നിശ്ചിത തീയതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു. അതിൽ നിന്ന് | ജൂൺ മുതൽ എല്ലാ മാസവും | ബോക്സ് | അധ്യാപകർ |

| | | | | |
|---|---|---|---|---|
| | ശരിയുത്തരം കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു | | | |
| പ്രതിഭകളെ കണ്ടെത്തൽ | പ്രതിഭകളെ കണ്ടെത്തുന്നതിന് മൽസരങ്ങൾ നടത്തുന്നു. അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു | ജൂലൈ | സ്കൂൾ കലോത്സവം | |
| ദിനാചരണങ്ങൾ<br>ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നു | ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു | | | |
| ആസ്വാദനം | ഐടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ, ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു | നവംബർ-ജനുവരി | പെൻഡ്രൈവ് കമ്പ്യൂട്ടർ, പ്രൊജക്ടർ | അധ്യാപകർ |
| അറബിക് ലാംഗ്വേജ് ലാബ്<br>അറബിക് ഫെസ്റ്റ് | തനതായ അറബിഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൌകര്യം ഉണ്ടാക്കുക | ഡിസംബർ | കമ്പ്യൂട്ടർ പ്രൊജക്ടർ | അധ്യാപകർ |
| അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ | അറബി ഭാഷയെക്കുറിച്ച് കൂടുതലറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | ജനുവരി | കമ്പ്യൂട്ടർ പ്രൊജക്ടർ | അധ്യാപകർ |

# ACADEMIC MASTER PLAN – ENGLISH 2025

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | Spoken English class, English Library നവീകരണം<br>English Corner, Story Time, English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം/ ശനിയാഴ്ചകൾ | PTA, Teachers | PTA, Management |
| 2 | ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema and documentary – Profile & Script തയ്യാറാക്കുന്നതിനുവേണ്ടി ഇംഗ്ലീഷ് സിനിമയുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു.<br>Role play, English Day ആചരണം, സെമിനാർ ചർച്ചകൾ<br>പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്ക്കാരം നടത്തുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം<br>അക്കാദമിക വർഷം | Teachers, SRG<br>English Teachers | English Club, Management<br>PTA, English Club |
| 3 | സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക, സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | സ്കൂൾ, ഇംഗ്ലീഷ് വോയിസ്, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ്സ് റൂം പ്രവർത്തനങ്ങളോടൊപ്പം<br>ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ അസംബ്ലി | PTA, SRG, Teachers<br>PTA, Teachers | English Club |
| 4 | നാടകീകരണം | English Assembly, Skit puppet Show, English lab<br>പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി പപ്പറ്റ് ഷോ, സ്കിറ്റ്, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു | Room Activities<br>ശനിയാഴ്ചകൾ, ക്യാമ്പ് | SRG, Teachers<br>ഇംഗ്ലീഷ് ക്ലബ് | PTA<br>രക്ഷിതാക്കൾ |
| 5 | കവിതാലാപനത്തിനും കവിതാരചനക്കും പ്രാപ്തരാക്കുന്നു | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം, കവിതാരചന | ക്ലാസ്സ് പ്രവർത്തനങ്ങൾ, വെക്കേഷൻ, ശനിയാഴ്ചകൾ | Teachers PTA, SRG<br>Teachers PTA,SRG | English Club<br>English Club |

| | | | | | |
|---|---|---|---|---|---|
| | | ആലാപനമത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. Book, Reviews, Magazine | | English Teachers | PTA Management |
| 6 | സാങ്കേതികവിദ്യാ സാധ്യതകൾ, ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾഎന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് ഫിലിം കാണാനുള്ള അവസരം | വെക്കേഷൻ (ഓണം, ക്രിസ്തുമസ്)<br>അക്കാദമിക വർഷത്തിൽ ഒന്ന് | Teachers PTA SRG<br>English Club | PTA SRG Management |
| 7 | സംവാദസദസ്സുകൾ സംഘടിപ്പിക്കുക | നേറ്റീവ് സ്പീക്കേഴ്സിനോടൊപ്പം സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ<br>വെക്കേഷൻ | Teachers PTA SRG | PTA English Club |

# അക്കാദമിക് മാസ്റ്റർപ്ലാൻ

## ഹിന്ദി

**പൊതുവായ ലക്ഷ്യങ്ങൾ**

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
2. ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി തീരാനുള്ള പ്രവർത്തനങ്ങൾ ക്ലാസ് റൂം പഠനത്തിലുൾപ്പെടുത്തുക.
3. ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ദേശസ്നേഹവും രാജ്യസ്നേഹവും വളർത്തി എടുക്കാൻ വേണ്ട പ്രേരണ നൽകുക.
4. ഹിന്ദി ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുക.
5. മാതൃഭാഷപോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.
6. വിവർത്തകർ വാർത്താവായനക്കാർ തുടങ്ങിയ ജോലി സാധ്യതകളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക.
7. ഭിന്നശേഷി കുട്ടികൾക്കുവേണ്ട പിൻതുണ നൽകുക
8. സാഹിത്യ അഭിരുചി വളർത്തുക
9. ഹിന്ദി വാരാഘോഷങ്ങളും പ്രത്യേക ദിനങ്ങളും ഹിന്ദി ഭാഷയിൽതന്നെ കൈകാര്യം ചെയ്യത്തക്ക രീതിയിൽ കുട്ടികളെ പ്രാപ്തരാക്കുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലാവധി |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു അക്ഷരങ്ങൾ ഉറക്കെ വായിക്കുന്നു, ഓഡിയോവിഷന്റെ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു | जूण, जुलाई |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ ഇവ പരിചയപ്പെടുത്തുന്നു | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടെയും ക്ലാസ് നമ്പർ, പേര് എന്നിവ ഹിന്ദിയിൽ എഴുതാൻ പറയുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു | अगस्त<br>सितंबर |
| ഹിന്ദി അനായാസം എഴുതാനും വായിക്കാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. ചിത്രങ്ങൾ അടങ്ങിയ കാർഡ് കാർട്ടൂൺ ഇവ നൽകുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി ഇവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറു കവിതകൾ ഇവ വായിക്കാനായി നൽകുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ഇത് പ്രയോജനപ്രദമാകുന്നു. | अक्तूबर<br>नवंबर |
| ഹിന്ദി എഴുതാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു | വർക്ക്ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു. | अगस्त |
| വാക്യഘടന പരിചയപ്പെടുത്തുന്നു. | സൂചനബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. കഥ, | सितंबर |

| | | |
|---|---|---|
| ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാൻ പ്രേരിപ്പിക്കുന്നു | കവിത എന്നിവ പൂരിപ്പിക്കുവാൻ നൽകുന്നു. ചെറുകവിതകൾ എഴുതുവാൻ പ്രേരണ നൽകുന്നു | |
| പോസ്റ്റർ തയ്യാറാക്കുവാനും കവിത വായിച്ച് കുറിപ്പ് തയ്യാറാക്കുവാനും അവസരം നൽകുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകി കൊണ്ട് ആസ്വാദനകുറിപ്പ് തയ്യാറാക്കാൻ നിർദ്ദേശം നൽകുന്നു. | अक्तूबर |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്ക്കരിക്കുന്നു. കഥകളെ തിരക്കഥയായി മാറ്റുവാനറിയുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസങ്ങളിലും ഡയറി എഴുതുവാൻ നിർദ്ദേശം നൽകുന്നു. | |

# ACADEMIC MASTER PLAN – Social Science

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | നമ്മുടെ സമൂഹത്തിന്റെ വളർച്ചയും വിവിധ സംസ്കാരങ്ങളും, പ്രധാനപ്പെട്ട സംഭവങ്ങളും പഠിപ്പിക്കുക. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. ചരിത്രപ്രാധാന്യമുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട നാടകാവിഷ്കാരം, സെമിനാർ, ചരിത്രകാരന്മാരെ പരിചയപ്പെടൽ, സ്വാതന്ത്ര്യസമര സേനാനികളുമായുള്ള അഭിമുഖം സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക പഠനട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | നിശ്ചയിച്ച തീയതികളിൽ അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 2 | ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റി എടുക്കുക. പൌരബോധം, മൂല്യബോധം ഇവ വളർത്തുക. വ്യത്യസ്ത മതങ്ങൾ, സംസ്കാരങ്ങൾ, വിശ്വാസങ്ങൾ എന്നിവയെ ബഹുമാനിക്കാനും സഹിഷ്ണുതയോടെ പെരുമാറാനും പഠിപ്പിക്കുന്നു. സാമൂഹിക നീതി: സമൂഹത്തിലെ ദുർബലവിഭാഗങ്ങളോടുള്ള അനുകമ്പയും സാമൂഹിക നീതിയും സംബന്ധിച്ച അവബോധം വളർത്തുക | സ്കൂൾ പാർലമെന്റ്, പൌരബോധം, സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. (ഉദാഹരണം - വൃക്ഷത്തൈ നടീൽ, ശുചീകരണ പ്രവർത്തനങ്ങൾ, ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കുചേരൽ) ക്ലാസ് മുറിയിലെ ചർച്ചകൾ സാമൂഹികവും രാഷ്ട്രീയവുമായ വിഷയങ്ങളെക്കുറിച്ച് തുറന്ന ചർച്ചകൾക്ക് അവസരം നൽകുന്നു. സംവാദം(വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.) വോട്ടിന്റെ പ്രാധാന്യം തിരിച്ചറിയുന്ന പ്രവർത്തനങ്ങൾ സത്യസന്ധത, നീതിബോധം, സഹാനുഭൂതി, ധാർമ്മികത തുടങ്ങിയ അടിസ്ഥാന മൂല്യങ്ങൾക്ക് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3 | മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക, സാമൂഹ്യപരിഷ്ക്കർത്താക്കളെ പരിചയപ്പടുക | സർവ്വേ, പ്രോജക്ട്, ചർച്ചകൾ, സംവാദം, ക്ലാസ്സുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളുടെ സാമൂഹികബോധം വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4 | ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | | | |
| 5 | കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകള്, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, ചരിത്ര സിനിമ പ്രദർശനം എന്നിവ നടത്തുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 6 | വ്യത്യസ്ത ഇനം മണ്ണിനങ്ങളെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്രലാബുകളുടെ ക്രമീകരണം കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. കൂടാതെ ഫീൽഡ് ട്രിപ്പ് (ഇതുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ നടത്തുന്നു) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7 | ക്ലാസ്സ് റൂം ലൈബ്രറിയും വായനാമൂലയും | പാഠഭാഗവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ, ചരിത്രപ്രാധാന്യമുള്ള മഹത് വ്യക്തികളുടെ ജീവചരിത്രങ്ങൾ എന്നിവ ശേഖരിക്കൽ, വായനാമൂലയിൽ ICT സാധ്യത പ്രയോജനപ്പെടുത്തൽ., ആനുകാലിക പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ ശേഖരിക്കുന്നു | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# ACADEMIC MASTER PLAN – Science

| | പ്രോജക്ട് | പ്രവർത്തനങ്ങൾ | മോണിറ്ററിംഗ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ശാസ്ത്രലാബ് വികസിപ്പിക്കുന്നതിനുള്ള പദ്ധതി | നിലവിലുള്ള ലാബ് നവീകരിക്കൽ, വിഷയബന്ധിതമായി പഠനോപകരണങ്ങൾ തരംതിരിക്കൽ, കാറ്റലോഗ് തയ്യാറാക്കൽ, ലാബിലേക്കുള്ള രാസവസ്തുക്കളും ഉപകരണങ്ങളും ലഭ്യമാക്കൽ, ഡിസെഷൻ, ഡെമോൺസ്ട്രേഷൻ എന്നിവയ്ക്ക് അനുയോജ്യമായ ക്രമീകരണം ഉണ്ടാക്കുക, ICT പ്രയോജനപ്പെടുത്തുക | സ്കൂൾതല മോണിറ്ററിംഗ് ചുമതലപ്പെടുത്തുന്ന ഉപസമിതി | സ്കൂൾതല സംഘാടക നിർവ്വാഹക സമിതി നിശ്ചയിക്കുന്ന ഉപസമിതി | |
| 2 | ശാസ്ത്രപഠന മാതൃകകൾ വികസിപ്പിക്കുന്നതിനുള്ള ശില്പശാല | WE അദ്ധ്യാപികയുടെ സഹായത്തോടെ ഉപയോഗശൂന്യമായ വസ്തുക്കൾ ഉപയോഗിച്ചുള്ള പഠനമാതൃകകൾ നിർമ്മിക്കൽ, വിദഗ്ധരായ വ്യക്തികൾ, പൂർവ്വവിദ്യാർത്ഥികൾ തുടങ്ങിയവരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് ശില്പശാല സംഘടിപ്പിക്കൽ, ശാസ്ത്ര പ്രദർശനം സംഘടിപ്പിക്കൽ, ശാസ്ത്ര പ്രസിദ്ധീകരണങ്ങൾ പരിചയപ്പെടുത്തൽ, ശാസ്ത്ര തത്വങ്ങൾ ഉൾപ്പെടുത്തുന്ന മോഡലുകൾ സ്ഥാപിക്കൽ | സ്കൂൾതല മോണിറ്ററിംഗ് ചുമതലപ്പെടുത്തുന്ന ഉപസമിതി | സ്കൂൾതല സംഘാടക നിർവ്വാഹക സമിതി നിശ്ചയിക്കുന്ന ഉപസമിതി | |
| 3 | ശാസ്ത്രബോധം വളർത്തുന്നതിനുള്ള പ്രകടനപ്രചരണ പരിപാടികൾ | ശാസ്ത്രദിനാചരണങ്ങളുടെ ഭാഗമായി ശാസ്ത്രനാടകങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, വിവിധതരം മത്സരങ്ങൾ, ശാസ്ത്രപ്രദർശനം തുടങ്ങിയവ സംഘടിപ്പിക്കൽ, | സ്കൂൾതല മോണിറ്ററിംഗ് ചുമതലപ്പെടുത്തുന്ന ഉപസമിതി | സ്കൂൾതല സംഘാടക നിർവ്വാഹക സമിതി നിശ്ചയിക്കുന്ന ഉപസമിതി | |

| | | | | | |
|---|---|---|---|---|---|
| | | സാമൂഹ്യപ്രസക്തിയുള്ള ശാസ്ത്രവിഷയങ്ങളിൽ തെരുവുനാടകം സംഘടിപ്പിക്കൽ, മെഡിക്കൽ പ്രദർശനം നിരീക്ഷിക്കാനുള്ള അവസരം, പഠനയാത്രകൾ സംഘടിപ്പിക്കൽ | | | |
| 4 | ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളെ പരിചയപ്പെടുത്തുന്നതിനുള്ള പദ്ധതി | ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കൽ, ശാസ്ത്രപ്രതിഭകൾ, ശാസ്ത്രജ്ഞർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി ക്ലാസ്സുകൾ സംഘടിപ്പിക്കൽ, ICT സാധ്യതയിലൂടെ നേരിട്ട് മനസ്സിലാക്കുന്നതിന് അവസരമൊരുക്കുന്നു. | സ്കൂൾതല മോണിറ്ററിംഗ് ചുമതലപ്പെടുത്തുന്ന ഉപസമിതി | സ്കൂൾതല സംഘാടക നിർവ്വാഹക സമിതി നിശ്ചയിക്കുന്ന ഉപസമിതി | |
| 5 | പരിസരജൈവവൈവിധ്യ പദ്ധതി | സ്കൂൾ പരിസരം ജൈവസമ്പുഷ്ടമാക്കൽ ഫലവൃക്ഷതൈകൾ നടുന്നു. നക്ഷത്ര ഉദ്യാനം സ്ഥാപിക്കുന്നു. മഴവെള്ള സംരക്ഷണ മാർഗ്ഗങ്ങൾ ആരംഭിക്കുന്നു. പ്ലാസ്റ്റിക് മുക്തവിദ്യാലയം സാധ്യമാകുന്നു. | സ്കൂൾതല മോണിറ്ററിംഗ് ചുമതലപ്പെടുത്തുന്ന ഉപസമിതി | സ്കൂൾതല സംഘാടക നിർവ്വാഹക സമിതി നിശ്ചയിക്കുന്ന ഉപസമിതി | |
| 6 | ശാസ്ത്രപ്രതിഭകെ പരിചയപ്പെടുത്തൽ പരിപാടി | ശാസ്ത്രപ്രദർശനങ്ങൾ കാണുന്നതിനുള്ള അവസരം സൃഷ്ടിക്കൽ, ശാസ്ത്രപ്രതിഭകളെ ഉൾപ്പെടുത്തികൊണ്ടുള്ള സംവാദം. ചര്ർച്ച, സെമിനാർ, ശില്പശാല എന്നിവ സംഘടിപ്പിക്കൽ, അനുഭവം പങ്കിടൽ, ശാസ്ത്രപ്രതിഭകളെ സംബന്ധിത്ത പുസ്തകം പരിചയപ്പെടുത്തൽ | സ്കൂൾതല മോണിറ്ററിംഗ് ചുമതലപ്പെടുത്തുന്ന ഉപസമിതി | സ്കൂൾതല സംഘാടക നിർവ്വാഹക സമിതി നിശ്ചയിക്കുന്ന ഉപസമിതി | |

# അക്കാദമിക മാസ്റ്റർപ്ലാൻ

## ആരോഗ്യകായിക വിദ്യാഭ്യാസം

| മാസം | പ്രവർത്തനം | ചുമതല | ലക്ഷ്യം | സാമ്പത്തികം |
|---|---|---|---|---|
| ജൂൺ മുതൽ ജൂലൈ വരെ | ഹാൻഡ്ബോൾ, ഫുട്ബോൾ, കബഡി, ക്രിക്കറ്റ്, അത്ലറ്റിക്സ് മറ്റ് കായിക ഇനങ്ങളിൽ വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നു. യോഗ പരിശീലനം ആരംഭിക്കുന്നു കുട്ടികളുടെ BMI കണ്ടെത്തുന്നു. | എച്ച് എം. കായിക അധ്യാപിക PTA ഭാരവാഹികൾ | മിടുക്കരായ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി സ്കൂൾ മേളയിലേക്ക് പങ്കെടുക്കാൻ പ്രാപ്തരാക്കുന്നു, കുട്ടികളുടെ BMI കണ്ടെത്തുന്നതിലൂടെ ആരോഗ്യനില മനസിലാക്കി കായികക്ഷമത വർദ്ധിപ്പിക്കാൻ കളികളിലൂടെ പ്രാവർത്തികമാക്കാൻ സാധിക്കുന്നു | 3000/- |
| ആഗസ്റ്റ് മുതൽ സെപ്തംബർ ഒക്ടോബർ | സ്കൂളിൽ നിന്നും അത്ലറ്റിക്സിലും ഗെയിംസിലും സബ്ജില്ല, ജില്ല മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു | എച്ച് എം കായിക അദ്ധ്യാപിക ചുമതലയുള്ള അധ്യാപകർ PTA ഭാരവാഹികൾ | കുട്ടികളുടെ കായിക മികവ് തെളിയിക്കുവാൻ അവസരം നൽകുന്നു | 15000 സ്പോൺസർഷിപ്പ് PTA ഫണ്ട് ഇതര ഫണ്ട് |
| നവംബർ മുതൽ ഏപ്രിൽ/മാർച്ച് വരെ | വിവിധ ഇനങ്ങളിൽ പരിശീലനം തുടരുന്നു. ഹാൻഡ്ബോൾ, സോഫ്റ്റ് ബോൾ, ബേസ് ബോൾ, ക്രിക്കറ്റ്, ചെസ്സ് എന്നീ ഇനങ്ങളിൽ കുട്ടികളെ പരിചയപ്പെടുത്തുന്നു. BMI യുടെ പ്രാധാന്യം എല്ലാ കുട്ടികളിലും എത്തിക്കുന്നു. | എച്ച് എം കായിക അദ്ധ്യാപിക പ്രഗൽഭരായ പരിശീലകർ | അടുത്ത വര്ർഷത്തേക്കായി വിവിധ കായിക ഇനങ്ങളിലേക്കായി കുട്ടികളെ കണ്ടെത്തുക BMI മെച്ചപ്പെടുന്നതിലൂടെ മുഴുവൻ കുട്ടികളുടെയും കായികക്ഷമത കൈവരിക്കാൻ പ്രാപ്തരാക്കുന്നു | 2500 സ്പോൺസർഷിപ്പ് പിടിഎ ഫണ്ട് മറ്റ് ഇതര ഫണ്ട് |

# അക്കാദമിക മാസ്റ്റർപ്ലാൻ

## കലാവിദ്യാഭ്യാസം

| നമ്പർ | മേഖല | കാലദൈർഘ്യം | | | പ്രവർത്തനം |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ജന്മനായുള്ള കലാവാസനകൾ തിരിച്ചറിയുന്നതിനും അവയെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും | 1 Year | V to X | PTA സേവനം | ക്ലാസുകളിൽ കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ഗ്രൂപ്പുകൾ തിരിച്ച് വർക്കുകൾ നൽകുകയും അതിലൂടെ കുട്ടികളിലെ കലാവാസനകൾ തിരിച്ചറിയുന്നു. |
| | നാടകങ്ങൾ, നൃത്തങ്ങൾ മുതലായ കലാരൂപങ്ങളുടെ സഹായങ്ങൾ സമൂഹത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കുട്ടികളിലേക്ക് എത്തിക്കുകയും അതിൽ കുട്ടികലുടെ പൂർണ്ണപങ്കാളിത്തം ഉറപ്പു വരുത്തുക | 1 Year | V to X | | നൃത്തരൂപത്തിലൂടെയും നാടകത്തിലൂടെയും ലഹരി പോലുള്ള സാമൂഹ്യവിപത്തുകൾക്കെതിരെയുള്ള പ്രവർത്തനം |
| | വിഭിന്ന ശേഷിയുള്ള കുട്ടികളെ അവരുടെ കലാ താൽപര്യങ്ങൾക്ക് അനുസരിച്ച് മുന്നോട്ട് വരുത്തുക | 1 Year | V to X | | വിഭിന്ന ശേഷിയുള്ള കുട്ടികളിലെ കലാവാസനകൾ തിരിച്ചറിയുന്നതിന് വേണ്ടിയുള്ള സഹായങ്ങൾ നൽകി അവരെ മുന്നോട്ട് കൊണ്ടുവരികയും അസംബ്ളിയിലോ പൊതു പരിപാടികളിലോ അവർക്കും അവസരങ്ങൾ ഒരുക്കുകയും ചെയ്യുന്നു. |

# ACADEMIC MASTER PLAN – MATHEMATICS

## ഹൈസ്ക്കൂൾതലം - ഗണിതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ആശയധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം, പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ | |
| 2 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത | തുടർപ്രവർത്തനം | അധ്യാപകർ | |
| 3 | ഗണിതത്തെ നിത്യജീവിതവുമായി സന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പിടിഎ | |
| 4 | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, അളവുകൾ ഇവ പരിചയപിപെടൽ | ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | വർഷത്തിൽ ഒന്ന് | ഗണിത അധ്യാപകർ | |
| 5 | സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ | |
| 6 | അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | മികച്ച പ്രവർത്തനങ്ങൾ ഇടപെടൽ, ചർച്ചകൾ, പാഠപുസ്തക ആസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | തുടർ പ്രവർത്തനം | അധ്യാപകർ | |
| 7 | ഗണിതവിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിതഗ്രാമം കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനി മറ്റ് അവധി ദിവസങ്ങൾ | ഗണിത അധ്യാപകർ | |
| 8 | ഗണിത മത്സരവേദിയിലേക്ക് മേളകളിൽ | ഗണിതക്ലബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരയിനങ്ങൾക്ക് | മാസത്തിൽ ഒന്ന് | ഗണിത അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | ഊർജ്ജസ്വലത കൈവരിക്കൽ | മത്സരത്തിന് പ്രാപ്തരാക്കൽ | | | |
| 9 | ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മേയ്, ജൂൺ | ഗണിത അധ്യാപകർ ക്ലാസ് സെക്രട്ടറി | |
| 10 | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ പിടിഎ നടത്തുന്ന ചുമതലകൾ നൽകുന്നു | എല്ലാ അധ്യാപകരും | എച്ച് എം പിടിഎ പ്രസിഡന്റ് | |

## യു പി വിഭാഗം - ഗണിതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | ഗണിതശില്പശാലകളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തകൾ എന്നിവ ഉപയോഗിക്കുന്നു.) | ജൂൺമാസം | ഗണിത അധ്യാപകൻ | |
| 2 | രസകരമായ ഗണിതശാസ്ത്രപഠനവും കരചലനശേഷികളുടെ വികാസവും | ഒറിഗാമി ശില്പശാല ജാപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധരൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| 3 | ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽവച്ച് ഗണിതക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകൻ, ഗണിത ക്ലബിലെ അംഗങ്ങൾ | |
| 4 | ഗണിതം മധുരമാക്കൽ | ഗണിതപാർക്ക് - ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിതക്ലബ് | |

| | | | | | |
|---|---|---|---|---|---|
| 5 | ഗണിതമേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | ഗണിതഗ്രാമം ഗണിതത്തിൽ പ്രാവീണ്യം ഉള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യം ഉണ്ടാകുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ 5-6 തവണ | ഗണിത അധ്യാപകൻ | |
| 6. | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഗണിതപഠനത്തിനായി ഉപയോഗിക്കുന്നു. | ഐ ടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഐ ടി സാധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ട് കുട്ടികളിലേയ്ക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | കിട്ടുന്ന സമയങ്ങളിൽ | ഗണിത അധ്യാപകൻ | |
| 7 | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിതക്ലിനിക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ 1 പിരീഡ് | ഗണിത അധ്യാപകൻ | |
| 8 | വിവിധ ശേഷികളുടെ വികസനം | ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG -ൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അത് സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | ഗണിത അധ്യാപകൻ | |

# യു.പി. തലത്തിലെ അക്കാദമിക് മാസ്റ്റർപ്ലാൻ

**അടിസ്ഥാനശാസ്ത്രം - 2025-26**

**മേഖല പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി**

| നമ്പർ | പ്രോജക്ട് | പ്രവർത്തനം | കാലം | മോണിറ്ററിംഗ് | നിർവ്വഹണ ചുമതല |
|---|---|---|---|---|---|
| 1 | ശാസ്ത്രത്തിലൂടെ ചുറ്റുപാടുകളെ തിരിച്ചറിയൽ | ജൈവവൈവിധ്യപാർക്ക്, ഫീൽഡ് ട്രിപ്പ്, പ്ലാസ്റ്റിക്മുക്ത വിദ്യാലയം സാധ്യമാക്കൽ | 2025-26 | സ്ക്കൂൾതല മോണിറ്ററിംഗ് കമ്മിറ്റി ചുമതലപ്പെടുത്തുന്ന ഉപസമിതി | സ്ക്കൂൾതല സംഘാടക നിർവ്വാഹക സമിതി നിശ്ചയിക്കുന്ന ഉപസമിതി |
| 2 | ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളെ പരിചയപ്പെടുത്തന്നതിനുള്ള പദ്ധതി | ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കൽ, ICT സാധ്യതയിലൂടെ പുതിയ കണ്ടെത്തലുകളും ശാസ്ത്രപരീക്ഷണങ്ങളുംനേരിട്ട് മനസ്സിലാക്കുന്നതിന്അവസരം ഒരുക്കുന്നു. | 2025-26 | സ്ക്കൂൾതല മോണിറ്ററിംഗ് കമ്മിറ്റി ചുമതലപ്പെടുത്തുന്ന ഉപസമിതി | സ്കൂൾതല സംഘാടക നിർവ്വാഹകസമിതി നിശ്ചയിക്കുന്ന ഉപസമിതി |
| 3 | ശാസ്ത്രാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ | എക്സിബിഷൻ, പരീക്ഷണങ്ങൾ, ക്വിസ് മത്സരങ്ങൾ, ശാസ്ത്രമാസികകൾ തയ്യാറാക്കൽ, കൊളാഷ് നിർമ്മാണം | 2025-26 | സ്ക്കൂൾതല മോണിറ്ററിംഗ് കമ്മിറ്റി ചുമതലപ്പെടുത്തുന്ന ഉപസമിതി | സ്കൂൾതല സംഘാടക നിർവ്വാഹകസമിതി നിശ്ചയിക്കുന്ന ഉപസമിതി |
| 4 | ശാസ്ത്രാവബോധം വളർത്തുന്ന നൂതന ശൈലി | ദിനാചരണ പ്രവർത്തനങ്ങൾ, യുറീക്ക, ICT യിലൂടെ നൂതന ആശയങ്ങൾ നൽകുക, പുതിയ ശാസ്ത്രജ്ഞന്മാരെയും,കണ്ടെത്തലുകളെയും പരിചയപ്പെടുത്തുക. ശാസ്ത്ര നാടകങ്ങൾ സംഘടിപ്പിക്കുക, നിർമ്മാണപ്രവർത്തനങ്ങൾ | 2025-26 | സ്ക്കൂൾതല മോണിറ്ററിംഗ് കമ്മിറ്റി ചുമതലപ്പെടുത്തുന്ന ഉപസമിതി | സ്കൂൾതല സംഘാടക നിർവ്വാഹകസമിതി നിശ്ചയിക്കുന്ന ഉപസമിതി |

# യു.പി. തലത്തിലെ അക്കാദമിക് മാസ്റ്റർപ്ലാൻ

**സാമൂഹികശാസ്ത്രം - 2025-26**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു.<br>ഓർമ്മച്ചെപ്പ് അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാനവിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ)<br>അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ<br>സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3. ജനാധപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 4. പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | പ്രകൃതിതാണ്ഡവം- നേർക്കാഴ്ച ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5. സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | നന്മയുടെ നുറുങ്ങുവെട്ടം പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിതപ്രദേശങ്ങളിൽ ആശ്വാസ ഹസ്തമാകുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ |
| 6. വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗത്തെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ചിലന്തവലയിൽ നിന്ന് കുതിച്ച്ചാട്ടം. സാമൂഹ്യശാസ്ത്രക്ലബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | | | |
| 7. സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | കാടെവിടെ മക്കളെ? (ഫീൽഡ് ട്രിപ്പ്, സർവ്വേ) പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർതടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 8. സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പുതുചക്രവാളത്തിലേക്ക് സിവിൽസർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടുംവിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ, ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# ഞങ്ങൾ ഉറപ്പു നൽകുന്നു.

* കർശനമായ അച്ചടക്കം
* നല്ല രീതിയിൽ സജ്ജീകരിച്ചിട്ടുള്ള ലബോറട്ടറി സൗകര്യങ്ങൾ
* തുടർ മൂല്യനിർണയം നടത്തുന്നതിനായി പരീക്ഷകൾ
* U.S.S.,NMMS, പരീക്ഷ പരിശീലന ക്ലാസ്സുകൾ
* സെമിനാറുകളും വിവിധ ഓറിയന്റേഷൻ ക്ലാസ്സുകളും
* ഗൈഡ്സ്
* എസ്. പി. സി * റെഡ്ക്രോസ് * ഗാന്ധിദർശൻ
* പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ടിയുള്ള ഗുണനിലവാര മെച്ചപ്പെടുത്തൽ പ്രോഗ്രാം.
* വിദ്യാർത്ഥിനികൾക്ക് കൗൺസിലിംഗ് നൽകുന്നതിനുള്ള വിഭാഗം
* ഇന്റർനെറ്റ് സൗകര്യങ്ങളോടു കൂടിയ കമ്പ്യൂട്ടർ ലാബുകൾ (UP & HS)
* കുട്ടികളിൽ അന്തർലീനമായിട്ടുള്ള കഴിവുകളെ പ്രോത്സാഹിപ്പിക്കാൻ സഹായിക്കുന്ന പാഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു.
* എല്ലാ റൂട്ടിലേയ്ക്കും ബസ് സൗകര്യം
* കാർഷിക ക്ലബ്ബ് * എക്കോ ക്ലബ്ബ് * വിദ്യാരംഗം
* ബാൻഡ് ട്രൂപ്പ് * യോഗ * കരാട്ടെ
* ലിറ്റിൽ കൈറ്റ്സ്
* പോഷക സമ്പുഷ്ടവും വിഭവസമൃദ്ധവും രുചികരവുമായ ഉച്ചഭക്ഷണവും പ്രഭാതഭക്ഷണവും എല്ലാ വിദ്യാർത്ഥിനികൾക്കും നൽകിവരുന്നു.